ജില്ലയിലെ മികച്ച വിദ്യാർഥി കർഷകൻ

Madhyamam-25-02-2018
P-15

# അതുൽ കൊയ്തത് അതുല്യനേട്ടം

കുന്നംകുളം: സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി കാർഷിക വകുപ്പ് ജില്ലയിലെ വിദ്യാർഥികളിലെ മികച്ച കർഷകനായി അതുൽ എം. കൃഷ്ണയെ തിരഞ്ഞെടുത്തു. ജൈവ കൃഷിയിൽ കൈവരിച്ച നേട്ടത്തിനാണ് എസ്.എസ്.എൽ.സി വിദ്യാർഥിയായ അതുൽ തിരഞ്ഞെടുക്കപ്പെട്ടത്. ജില്ലയിൽ മികച്ച കർഷകനുള്ള പുരസ്കാരം നേടിയ പൊതുപ്രവർത്തകൻ ബാലാജി എം. പാലിശേരിയുടെയും ഗുരുവായൂർ ശ്രീകൃഷ്ണ ഹയർസെക്കൻഡറി സ്കൂൾ അധ്യാപിക ലീനയുടെയും മകനാണ്. പെരുമ്പിലാവ് ടി.എം ഹൈസ്കൂൾ വിദ്യാർഥിയായ അതുൽ പിതാവിൻെറ പാത പിൻതുടർന്നാണ് നേട്ടം കൊയ്തത്. ഒരേക്കർ ഭൂമിയിൽ വ്യത്യസ്ത ഇനം പച്ചക്കറി കൃഷിയാണ് ഇറക്കിയത്. ചെറുപ്പം മുതൽ പിതാവിനൊപ്പം കൃഷിയിൽ സജീവമായിരുന്നു. സർക്കാറിൻെറ ഓണക്കാലത്തെ ഒരു മുറം പച്ചക്കറി പദ്ധതിയിലും അതുൽ കൃഷ്ണ പങ്കാളിയായിരുന്നു. വെണ്ട, വഴുതന, പച്ചമുളക്, ചീര എന്നിവയാണ് മുഖ്യമായി കൃഷി ചെയ്തിട്ടുള്ളത്. നാടൻ കോഴികളെയും വിവിധയിനം മുട്ടക്കോഴികളെയും വളർത്തുന്നുണ്ട്. പെരുമ്പിലാവിൽ ജൈവ കർഷകരുടെ കൂട്ടായ്മയിൽ പ്രവർത്തിക്കുന്ന പച്ചക്കറി ചന്തയിലാണ് ഉൽപന്നങ്ങൾ വിറ്റഴിക്കുന്നത്.



ജില്ലയിലെ മികച്ച വിദ്യാർഥി കർഷകനായി തിരഞ്ഞെടുക്കപ്പെട്ട അതുൽ എം. കൃഷ്ണ